**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4994** **14-03-2023 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സമയക്രമത്തിൽ വിശദമാക്കാമോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ എഴുത്തോമ്പാറ പാലം നിർമ്മാണത്തിനായി 31/10/2016 തീയതിയിലെ GO.R(t) No. 1496/2016/PWD നമ്പർ ഉത്തരവ് പ്രകാരം തത്വത്തിൽ ഭരണാനുമതി നൽകുകയും തുടർന്ന് 16/09/2016 തീയതിയിലെ PWD001-12/APR-5/2019/KIIFB നമ്പർ ഉത്തരവ് പ്രകാരം കിഫ്ബിയിൽ നിന്ന് 5.96 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ചിട്ടുമുണ്ടായിരുന്നു.<br><br>എഴുത്തുംപാറ പാലം നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സമയ ക്രമത്തിൽ പട്ടികയായി തയ്യാറാക്കിയത് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന തിനുള്ള സ്വാഭാവികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. |
| (സി) | പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത പ്രവൃത്തി പുനഃക്രമീകരിക്കുന്നതി നായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റിന് പുതുക്കിയ സാമ്പത്തികാനുമതി ലഭ്യമായാൽ ഉടൻതന്നെ സാങ്കേതികാനുമതി നൽകി, ടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തി ആരംഭിക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | തീയ്യതി | സ്വീകരിച്ച നടപടി |
|---|---|---|
| 1 | 2/8/2020 | BRDnplkd/2020-2021/BR/2019/5100 നമ്പർ ഉത്തരവ് പ്രകാരം 5.80 കോടി രൂപയുടെ സാങ്കേതിക അനുമതി നൽകി. |
| 2 | 12/08/2020 | പ്രവൃത്തി ടെണ്ടർ ചെയ്തു. |
| 3 | 28/11/2020 | ടെൻഡർ നടപടികൾക്ക് ശേഷം പ്രവൃത്തിക്ക് കരാറിലേർപ്പെട്ടു. |
| 4 | 01/03/2021 | കരാറുകാരന് സൈറ്റ് കൈമാറി നൽകി. |
| 5 | 15/06/2021 | ബഹു. കോങ്ങാട് എംഎൽഎ യുടെ നേതൃത്വത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.ആർ.എഫ്.ബി - പി.എം.യു. പാലക്കാട് / മലപ്പുറം, സംയുക്ത സൈറ്റ് പരിശോധന നടത്തി, ആവശ്യമായ സ്ഥലം വിട്ടു നൽകുന്നതിന് ബന്ധപ്പെട്ട സ്ഥലമുടമകൾ സമ്മത പത്രം ഒപ്പിട്ട് നൽകിയിരുന്നെങ്കിലും പ്രവൃത്തിക്ക് വേണ്ടി തയ്യാറാക്കിയ ഡ്രോയിങ് പ്രകാരം അലൈൻമെന്റ് മാർക്ക് ചെയ്തപ്പോൾ ആയത് സംബന്ധിച്ച് സ്ഥലമുടമകൾ വിയോജിപ്പ് പ്രകടിപ്പിക്കുകയും വിട്ട് നൽകാൻ തയ്യാറായ സ്ഥലത്തിന് വിരുദ്ധമായാണ് അലൈൻമെന്റ് മാർക്ക് ചെയ്തിരിക്കുന്നത് എന്ന് അറിയിക്കുകയും തുടർന്ന് റവന്യൂ ഡിപ്പാർട്മെൻറിന്റെ സഹായത്തോട് കൂടി വിട്ട് നൽകിയ സ്ഥലം ആദ്യം സൈറ്റിൽ മാർക്ക് ചെയ്യാൻ തീരുമാനിച്ചു. |
| 6 | 08/02/2022 | മേൽ നടപടികൾ മുന്നോട്ട് പോകുമ്പോൾ പാലം നിർമ്മാണ പ്രവൃത്തി കരാറെടുത്ത കരാറുകാരൻ സാധനസമഗ്രികളിൽ വന്നിട്ടുള്ള ഗണ്യമായ വിലവർദ്ധനവ് ചൂണ്ടിക്കാണിച്ച കൊണ്ട് പ്രവൃത്തിയുമായി മുന്നോട്ട് പോകാൻ കഴിയില്ലെന്നും തങ്ങളെ കരാറിൽ നിന്നു വിടുതൽ ചെയ്യണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷ നൽകുകയും ഹൈക്കോടതിയെ സമീപിക്കുകയും ചെയ്തു. തുടർന്ന് 08/02/2022 തിയ്യതിയിൽ ബഹു കോങ്ങാട് എംഎൽഎ യുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കരാറുകാരനെ ടെർമിനേറ്റ് ചെയ്ത് പ്രവൃത്തിക്ക് പുതിയ ടെൻഡർ വിളിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 09/02/2022 തീയതിയിൽ ടെർമിനേഷന് ശുപാർശ ചെയ്ത് കത്ത് ലഭിക്കുകയും ചെയ്തു. |
| 7 | 19/07/2022 | കെ.ആർ.എഫ്.ബി പ്രോജക്ട് ഡയറക്ടറുടെ ഓർഡർ നമ്പർ 287/PWD001-12/PD/PMU KRFB/68B/PLKD/2018 പ്രകാരം കരാറുകാരനെ പ്രവൃത്തിയിൽ നിന്ന് വിടുതൽ ചെയ്യുകയും പ്രവൃത്തി റീ അറേഞ്ച് ചെയ്ത് പുതുക്കിയ എസ്റ്റിമേറ്റ് അംഗീകാര ത്തിനായി സമർപ്പിക്കുവാൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് (കെ.ആർ.എഫ്.ബി - പി.എം.യു. പാലക്കാട്/ മലപ്പുറം) നിർദ്ദേശം നൽകുകയും ചെയ്തു. |

| | | |
|---|---|---|
| 8 | 29/09/2022 | റവന്യൂ വകുപ്പ് സൈറ്റിൽ വിട്ടു കിട്ടിയ സ്ഥലം മാർക്ക് ചെയ്ത് നൽകുകയും അതിനനുസരിച്ച് പുതുക്കിയ 13.36 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി KIIFB-യിൽ അംഗീകാരത്തിനായി സമർപ്പിച്ചു. |
| 9 | 30/12/2022 | കിഫ്ബി Quick Appraisal Team സൈറ്റ് സന്ദർശിച്ച് പുതുക്കിയ എസ്റ്റിമേറ്റ് വിലയിരുത്തി. |
| 10 | 09/02/2023 | പുതുക്കി എസ്റ്റിമേറ്റ് പുനഃപരിശോധിക്കുന്നതിനും 2 കിലോമീറ്റർ കണക്റ്റിംഗ് റോഡുകൾ ഉൾപ്പെടുത്തുന്നതിനുമുള്ള സാദ്ധ്യതകൾ ആരാഞ്ഞു കൊണ്ട് കിഫ്ബി Quick Technical Appraisal Report 17/01/2023 ന് ഇമെയിൽ പ്രകാരം ലഭിച്ചതിന് മറുപടിയും, എസ്റ്റിമേറ്റിൽ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ച് സൈറ്റ് സാഹചര്യങ്ങൾ വിശദീകരിച്ചു കൊണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും ലഭിച്ച COMPLIANCE റിപ്പോർട്ടും കിഫ്ബിക്ക് സമർപ്പിച്ചു. |
| 11 | 22/02/2023 | എസ്റ്റിമേറ്റിൽ മാറ്റങ്ങൾ നിർദേശിച്ചുകൊണ്ടും, 2 കിലോമീറ്റർ കണക്റ്റിംഗ് റോഡുകൾ ഉൾപ്പെടുത്താൻ നിർദേശിച്ചുകൊണ്ടും Quick Technical Appraisal Report (2) കിഫ്ബിയിൽ നിന്നും ലഭിച്ചു. അത് പ്രകാരം എസ്റ്റിമേറ്റ് പുതുക്കി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ 2 കിലോമീറ്റർ റോഡ് കൂടുതലായി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതകൂടി ഉറപ്പു വരുത്തേണ്ടതായുണ്ട്. |